**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1649 — 05.02.2019 ലെ മറുപടിക്ക്

**കെട്ടിട നിർമ്മാണ പെർമിറ്റിന് സോഫ്റ്റ് വെയർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ പെർമിറ്റിന് അനുമതി നൽകുന്നതിന് ഏതെങ്കിലും സ്വകാര്യ കമ്പനിയുടെ സോഫ്റ്റ് വെയർ ഉപയോഗിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയുടേതാണെന്നും അതിന് എന്ത് തുക നൽകിയെന്നും വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിട നിർമ്മാണ പെർമിറ്റും ഒക്കുപ്പൻസി സർട്ടിഫിക്കറ്റും ഓൺലൈനായി നൽകുന്നതിനായി ഉപയോഗിക്കുന്ന IBPMS (Intelligent Building Plan Management System) എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന ഇ-ടെണ്ടറിംഗിലൂടെ തിരഞ്ഞെടുത്ത M/s Dev Information Technology Pvt. Ltd. എന്ന സ്ഥാപനമാണ്. 3,25,01,635/- (മൂന്നു കോടി ഇരുപത്തിയഞ്ച് ലക്ഷത്തി ആയിരത്തി അറുന്നൂറ്റി മുപ്പത്തിയഞ്ച്) രൂപയാണ് ഇതിനായി നൽകിയത്. |
| (ബി) | ഇതേ ആവശ്യത്തിനായി ഇൻഫർമേഷൻ കേരള മിഷൻ, സാകേതം എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ടോ; | (ബി) | ഇല്ല. എന്നാൽ കെട്ടിട നിർമ്മാണ അനുമതി അപേക്ഷകൾ മോണിറ്റർ ചെയ്യുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ സങ്കേതം എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സോഫ്റ്റ് വെയറിന് എന്തെങ്കിലും ന്യൂനത ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. സങ്കേതം ഒരു Intelligent സോഫ്റ്റ്‌വെയർ അല്ല. ഇതിലൂടെ സമർപ്പിക്കുന്ന അപേക്ഷകൾ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള കഴിവ് ഈ സോഫ്റ്റ്‌വെയറിന് ഇല്ല. |
| (ഡി) | സർക്കാർ സ്ഥാപനം വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറിന് പകരം ലക്ഷക്കണക്കിന് രൂപ മുടക്കി ബഹുരാഷ്ട്ര കുത്തകകളുടെ സോഫ്റ്റ് വെയർ വാങ്ങി ഉപയോഗിക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കുമോ? | (ഡി) | സുതാര്യമായ ഇ-ടെണ്ടറിംഗ് നടപടികളിലൂടെയും SeMT (State e-governance Mission Team), KSITM എന്നീ സ്ഥാപനങ്ങളുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് M/s Dev Information Technology Pvt. Ltd. എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുള്ളത്. അതിനാൽ ഈ കമ്പനി വികസിപ്പിച്ച സോഫ്റ്റ്‌വെയർ ഉപേക്ഷിക്കാൻ സർക്കാർ ആലോചിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**